**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** **24-02-2026 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നി ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുപന്നി ആക്രമണത്തിൽ ജനങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ജനവാസമേഖലകളിൽ കാട്ടുപന്നിയുടെ സാന്നിദ്ധ്യം മൂലമുണ്ടാകുന്ന അപകടങ്ങളിൽ ജനങ്ങൾ മരണപ്പെടുന്ന സംഭവങ്ങൾ അതീവ ഗൗരവത്തോടെ കാണുന്നുണ്ട്. |
| (ബി) | കാട്ടുപന്നിയുടെ ആക്രമണത്തിൽ പുനലൂർ ചാലിയക്കര ഉപ്പുകുഴി എസ്റ്റേറ്റിലെ തോട്ടം തൊഴിലാളി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണപ്പെട്ട പുനലൂർ ചാലിയക്കര മംഗലത്ത് പുത്തൻവീട്ടിൽ രഘുനാഥപിള്ളയുടെ കുടുംബത്തിന് അടിയന്തര ധനസഹായമായി 10,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് . മരണപ്പെട്ടയാളുടെ അനന്തരാവകാശികൾക്ക് നിയമപ്രകാരമുള്ള നഷ്ടപരിഹാര തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ-ന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തി സ.ഉ.(സാധാ) നം. 239/2022/വനം തീയതി 31/05/2022 പ്രകാരം സർക്കാർ ഉത്തരവാ-യിട്ടുള്ളതാണ്. തുടർന്ന് 1972 ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായിട്ടുള്ള, ഷെഡ്യൂൾ II-ൽ പെട്ട വന്യജീവിയായ കാട്ടുപന്നികൾ ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമായി കാണപ്പെടുന്ന സാഹചര്യത്തിൽ അവയെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള ഉത്തരവ് നൽകുന്നതിനുള്ള അധികാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡെലിഗേറ്റ് ചെയ്ത് ഉത്തരവ് നൽകിയിട്ടുണ്ട്. ടി ഉത്തരവുകളുടെ കാലാവധി 27/05/2026 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് തോക്ക് ലൈസൻസ് ഉള്ള അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷനോ സെക്രട്ടറിയോ രേഖാമൂലം ചുമതലപ്പെടുത്തുന്ന മുറയ്ക്ക് ഈ പാനലിൽ ഉൾപ്പെട്ട ഷൂട്ടർമാർക്ക് ലൈസൻസ് ഉള്ള തോക്ക് ഉപയോഗിച്ച് സ.ഉ. (സാധാ) നം. 239/2022/വനം തീയതി 31/05/2022 പ്രകാരമുള്ള നിബന്ധനകൾക്കും 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾക്കും വിധേയമായി കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യാവുന്നതാണ്.

ജനവാസമേഖലകളിൽ അപകടകാരികളായി കാണപ്പെടുന്ന കാട്ടുപന്നികളെ നിലവിലുള്ള സർക്കാർ ഉത്തരവിന് വിധേയമായി ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരം കാര്യക്ഷമമായി നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് കൊണ്ട് മിഷൻ വൈൽഡ് പിഗ് എന്ന തീവ്രയജ്ഞ ദൗത്യം നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

മിഷൻ വൈൽഡ് പിഗ് ദൗത്യത്തിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സർക്കാർ ഒരു സംസ്ഥാന നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മിഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി 14 ജില്ലകളിലും ജില്ലാതല കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തുകയും സംസ്ഥാനതല കോർ ടീം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാതല കോ-ഓർഡിനേറ്റർമാർ മുഖേന പഞ്ചായത്തുകളെ കാട്ടുപന്നി ശല്യത്തിന്റെ രൂക്ഷതയുടെ അടിസ്ഥാനത്തിൽ തീവ്രം, മദ്ധ്യമം, കുറവ് എന്നിങ്ങനെ തരം തിരിച്ച് ലിസ്റ്റ് തയ്യാറാക്കുകയും അതുവഴി കാട്ടുപന്നിശല്യം രൂക്ഷമായ പഞ്ചായത്തുകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു.

കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതിന് തോക്ക് ലൈസൻസുള്ള ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും, ഷൂട്ടർമാരുടെ ലിസ്റ്റുകൾ ജില്ലാ കളക്ടർമാർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് വനം വകുപ്പിന്റെ വെബ് സൈറ്റിലും പബ്ലിഷ് ചെയ്തിട്ടുണ്ട്.

മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ച

കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1,500/- രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവ് 2,000/- രൂപയായും വർദ്ധിപ്പിക്കുകയും ആയത് പഞ്ചായത്തുകളുടെ SDRF ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ അനുമതി നൽകിക്കൊണ്ടും സ.ഉ.(സാധാ) നം. 108/2025/DMD തീയതി 06/03/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

കാട്ടുപന്നി പ്രതിരോധത്തിനായി കർഷകർ സ്വീകരിക്കുന്ന ചെലവു കുറഞ്ഞതും ഫലപ്രദവുമായ മാർഗങ്ങൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി വരുന്നുണ്ട്.

വിവിധ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ യോഗങ്ങൾ സംഘടിപ്പിക്കുക വഴി കാട്ടുപന്നി നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഈ യോഗങ്ങളിൽ മിഷൻ വൈൽഡ് പിഗ് സംസ്ഥാന നോഡൽ ഓഫീസറോ ജില്ലാതല കോർഡിനേറ്റർമാരോ പങ്കെടുക്കുകയും ബോധവൽകരണം നടത്തുകയും, സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജനവാസമേഖലകളിൽ അപകടകരമായി കാണപ്പെടുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ലഘുലേഖ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രാദേശികമായി സംഘടിപ്പിച്ച യോഗങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പുരോഗതി വിലയിരുത്തുന്ന-തിനുമായി സ.ഉ. (കൈ) നം. 12/2024/വനം തീയതി 07/03/2024 പ്രകാരം രൂപീകരിച്ച ജില്ലാതല നിയന്ത്രണ സമിതികളിൽ, ജനവാസമേഖലകളിൽ അപകടകരമായി കാണപ്പെടുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്ന വിഷയം സജീവമായി ചർച്ച ചെയ്യുകയും പ്രായോഗിക ബുദ്ധിമുട്ടുകൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ജനവാസമേഖലയിലെ കാട്ടുപന്നികളെ ഫലപ്രദമായി ഉന്മൂലനം ചെയ്യുന്നതിനും കാട്ടുപന്നികൾ മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി നിശ്ചിത കാലയളവിലേക്ക് കാട്ടുപന്നികളെ വെർമിൻ

| | | | |
|---|---|---|---|
| | | | ആയി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവർത്തിച്ച് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന് കേന്ദ്ര സർക്കാർ അനുമതി ലഭ്യമായിട്ടില്ല.<br>വനമേഖലയോട് ചേർന്നുള്ളതും, ശരിയായ പരിചരണമില്ലാതെ അടിക്കാടുകൾ വളർന്ന് മൂടിയതുമായ കൃഷിയിടങ്ങളും പുറമ്പോക്കുകളും പാതയോരങ്ങളും കാട്ടുപന്നികൾ പോലുള്ള മൃഗങ്ങൾക്ക് സുരക്ഷിതമായ ഒളിത്താവളം ഒരുക്കുന്നതിനും, അത്തരം മൃഗങ്ങളുടെ സാന്നിദ്ധ്യം മനുഷ്യരുടെ ജീവനും ജീവനോപാധികൾക്കും അപകടകരമായി തീരുന്നതിനും കാരണമാകുന്നുണ്ട്. വനപ്രദേശങ്ങളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകളിലും തോട്ടങ്ങളിലും അടിക്കാടുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ ഭരണകൂടം മുഖാന്തിരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും ഉടമസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജനവാസമേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>ജനവാസമേഖലകളിൽ അപകടകരമായി കാണപ്പെടുന്ന കാട്ടുപന്നികളെ നിർമാർജ്ജനം ചെയ്യുന്ന ദൗത്യത്തിന്റെ ഭാഗമായി പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ 28/05/2022 മുതൽ 15/12/2025 വരെ കേരളത്തിലെ 14 ജില്ലകളിലായി നാട്ടിലിറങ്ങി നാശനഷ്ടമുണ്ടാക്കുന്ന ആകെ 5351 കാട്ടുപന്നികളെ അനുയോജ്യമായ മാർഗങ്ങളിലൂടെ ഉന്മൂലനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ